പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2596</u>     <u>13.03.2020-ൽ മറുപടിയ്ക്ക്</u>

<u>കരാറുകാർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കരാറുകാർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൊതുമരാമത്ത് വകുപ്പ് ലഘൂകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) 27/12/2019 ലെ ജി.ഒ(എം.എസ്സ്) നമ്പർ 60/2019/പൊ.മ.വ. പ്രകാരം 2020 ഏപ്രിൽ 1 മുതൽ കരാറുകാർക്ക് രജിസ്ട്രേഷൻ എടുക്കുവാനും പുതുക്കുവാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>കരാറുകാർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് പിഴ കൂടാതെ അടക്കേണ്ട കാലാവധി 2019 ഡിസംബർ 31 എന്നത് 2020 ഫെബ്രുവരി 29 വരെയും പിഴയോടുകൂടി ഫീസ് അടയ്ക്കേണ്ട തീയതി 2020 ജനുവരി 31 എന്നത് 2020 മാർച്ച് 31 വരെയും ദീർഘിപ്പിച്ചുകൊണ്ട് 18.02/2020 ലെ ജി.ഒ(എം.എസ്സ്) നമ്പർ 22/2020/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. 12.02.2020 ലെ സ.ഉ(സാധാ) നമ്പർ 165/2020 പൊ.മ.വ. പ്രകാരം സർക്കാർ മേഖലയിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാർക്ക് രജിസ്ട്രേഷൻ പുതുക്കുന്ന ഘട്ടത്തിൽ കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റും അതോടൊപ്പം നിലവിലെ വർക്ക് രജിസ്റ്ററും ഏറ്റെടുത്ത പ്രവൃത്തികളുടെ ഗുണനിലവാരവും, പെർഫോർമെൻസും വിലയിരുത്തി പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറോ അതിന് മുകളിൽ റാങ്ക് ഉള്ള ഉദ്യോഗസ്ഥനോ നൽകുന്ന സാമ്പത്തികമായി കഴിവുണ്ടെന്ന് തെളിയിക്കുന്ന |

സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ കേപ്പബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധനയിൽ ഇളവ് നൽകാവുന്നതാണ്. പ്രസ്തുത ഉത്തരവിൽ കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതും 'സി' ക്ലാസ്സ് കരാറുകാർക്ക് ലൈസൻസ് പുതുക്കുന്നതിന് കേപ്പബിലിറ്റി സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**(ബി)** ഒരു പ്രവൃത്തിയും ചെയ്യാതെ ലൈസൻസ് കൈവശം വെച്ചിട്ടുള്ള കരാറുകാർ അതിന് യോഗ്യരാണോ എന്ന് പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

**(സി)** പ്രസ്തുത കരാറുകാരുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ ആലോചിക്കുന്നുണ്ടോ; അറിയിക്കുമോ?

(ബി) & **(സി)** പി.ഡബ്ല്യൂ.ഡി മാന്വൽ Clause 1910.3 (V) പ്രകാരം ലൈസൻസ് കാലാവധി കാലയളവിൽ ഏറ്റവും കുറഞ്ഞത് ഒരു പ്രവൃത്തി ചെയ്യാത്തതോ അഞ്ച് പ്രവൃത്തികൾ ക്വാട്ട് ചെയ്യാത്തതോ ആയ കരാറുകാർക്ക് ലൈസൻസ് പുതുക്കൽ നിഷേധിക്കാവുന്നതാണ്.

അത്തരം കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകുന്നതല്ല. ലൈസൻസ് റദ്ദാക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ